**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 797

30.11.2018 ലെ മറുപടിയ്ക്ക്.

## ഏറനാട് മണ്ഡലത്തിലെ വാത്സല്യനിധി പദ്ധതി

| | ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | ഉത്തരം<br>ശ്രീ. എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
|---|---|---|---|
| (എ) | ഏറനാട് നിയോജക മണ്ഡലത്തിൽ വാത്സല്യനിധി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിവരശേഖരണം പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ; | (എ) | വാത്സല്യനിധി പദ്ധതിയിൽ 2017-18 ൽ ഉൾപ്പെടുത്തേണ്ട കുട്ടികളുടെ വിവരശേഖരണം പൂർത്തിയായിട്ടുണ്ട്. 2018-19 ലെ വിവര ശേഖരണം പുരോഗമിച്ച് വരുന്നു. 2017-18 ലെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു. |
| (ബി) | ഈ പദ്ധതി നിലവിൽ വന്നശേഷം പ്രൊമോട്ടർമാർ വിവര ശേഖരണാർത്ഥം എത്ര തവണ ഫീൽഡ് വർക്ക് നടത്തിയെന്ന് വ്യക്തമാക്കാമോ; | (ബി) | വിവര ശേഖരണത്തിനായി പ്രൊമോട്ടർമാർ നിരന്തരം ഫീൽഡ് വർക്ക് നടത്തുന്നുണ്ട്. |

| ക്രമ. നം | ഗ്രാമപഞ്ചായത്തിന്റെ പേര് | അപേക്ഷകരുടെ എണ്ണം |
|---|---|---|
| 1 | അരീക്കോട് | 5 |
| 2 | എടവണ്ണ | 6 |
| 3 | കാവനൂർ | 19 |
| 4 | കീഴുപറമ്പ് | 8 |
| 5 | ഊർങ്ങാട്ടിരി | 8 |
| 6 | കുഴിമണ്ണ | 8 |
| 7 | ചാലിയാർ | 11 |
| | **ആകെ** | **65** |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതി നടപ്പിൽ വന്നശേഷം നാളിതുവരെയായി ഏറനാട് മണ്ഡലത്തിൽ വാത്സല്യനിധിയിൽ അംഗങ്ങളായ കുട്ടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത പദ്ധതി പ്രകാരം ലഭിക്കുന്നത്; വിശദാംശം വെളിപ്പെടുത്തുമോ? | (സി) | വാത്സല്യനിധി പദ്ധതി ആരംഭിച്ച ശേഷം ഏറനാട് നിയമസഭാ മണ്ഡലത്തിൽപ്പെട്ട 65 കുട്ടികളെ ടി പദ്ധതിയിൽ അംഗങ്ങളാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ടി പദ്ധതി പ്രകാരം പദ്ധതിയിൽ അംഗമാകുന്ന പെൺകുട്ടികൾക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ മൂന്ന് ലക്ഷം രൂപ ഇൻഷുറൻസ് ആനുകൂല്യമായി ലഭിക്കുന്നതാണ്. എൽ.ഐ.സി. നൽകുന്ന മറ്റ് ആനുകൂല്യങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. പെൺകുട്ടികൾക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ 3,00,000/- (മൂന്നു ലക്ഷം) രൂപ (Assured Amount) നൽകുന്നു.

L.I.Cനൽകുന്ന ഇൻഷ്വറൻസ് സംബന്ധമായ മറ്റ് ആനുകൂല്യങ്ങൾ

ആകസ്മിക മരണത്തിന്

| | | |
|---|---|---|
| വരുമാന ദായകൻ | സാധാരണ മരണം | 2,00,000/- |
| | അപകട മരണം | 4,00,000/- |
| | അപകടം മൂലമുള്ള ഭാഗീകമായ അംഗ വൈകല്യം | 1,00,000/- |
| | അപകടം മൂലമുള്ള പൂർണ്ണമായ അംഗ വൈകല്യം | 2,00,000/- |
| മറ്റ് രക്ഷകർത്താവ് | സാധാരണ മരണം | 30,000/- |
| | അപകട മരണം | 30,000/- |
| കുട്ടി | | 30,000/- ൽ നിന്നും കുട്ടിയുടെ അക്കൗണ്ടിൽ ലഭ്യമാക്കേണ്ട ഫണ്ട് കുറച്ചതിന്റെ ബാക്കി തുക ഇൻഷ്വറൻസ് ആനുകൂല്യമായി L.I.C കൊടുക്കുന്നതായിരിക്കും. (ആയത് 8 വയസ്സിനുശേഷം മാത്രം ബാധകമായിരിക്കും. 8 വയസ്സിനു ശേഷമാണ് ഇൻഷ്വറൻസ് കവറേജ്) |

## വിദ്യാഭ്യാസാനുകൂല്യങ്ങൾ

| സ്വീകർത്താവ് | പഠിക്കുന്നസ്റ്റാൻഡേർഡ് | തുക |
|---|---|---|
| പെൺകുട്ടി | 9,10,11,12 | 1200/-രൂപ ഓരോ വർഷവും |
| സഹോദരനോ, സഹോദരിയ്ക്കോ | 9,10,11,12 | 1200/-രൂപ ഓരോ വർഷവും |

[illegible] ഓഫീസർ